Draft #48 of File 22249/AD A1/2/2022 (Part 1) Approved by ASSISTANT REGISTRAR I (ADMIN) on 12-May-2023 12:32 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭരണകാര്യം:- പെൻഷൻ പ്രാരംഭ അവധിയിന്മേലുള്ള ഉദ്യോഗക്കയറ്റം നൽകുന്നത് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ്- ഭേദഗതി ചെയ്തുകൊണ്ട് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 5318/AD A1/2023/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 12.05.2023

---

*പരാമർശം:*-1.സർവ്വകലാശാല ഉത്തരവ് നമ്പർ: 8956/AD A1/2022/എം.ജി.യൂ.,തീയതി:30.08.2022.
2.സർക്കാർ ഉത്തരവ് (അ) നം. 105/2022/ധന., തീയതി: 02.09.2022.
3.സർവ്വകലാശാല ഉത്തരവ് നമ്പർ: 11450/AD A3/2022/എം.ജി.യൂ.,തീയതി:10.11.2022.
4.11.05.2023 തീയതിയിൽ ലഭിച്ച ബഹു.വൈസ് ചാൻസലറുടെ കുറിപ്പ്.
5.സർവ്വകലാശാല ഉത്തരവ് നമ്പർ: 5275/AD A1/2023/എം.ജി.യൂ.,തീയതി:11.05.2023.

**ഉത്തരവ്**

സർവ്വകലാശാല പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ, 91 ദിവസം മുതലുള്ള പെൻഷൻ പ്രാരംഭാവധിയിന്മേൽ, വിരമിക്കുന്നതിന് മുമ്പ് സർവ്വീസിൽ പുനഃപ്രവേശിക്കുന്നില്ല എന്ന അപേക്ഷകന്റെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ യോഗ്യരായ ഉദ്യോഗസ്ഥർക്ക് ഉദ്യോഗക്കയറ്റം നൽകുവാനും 90 ദിവസം വരെയുള്ള Leave Preparatory Retirement (LPR) അപേക്ഷയിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അധിക ചുമതല നൽകുവാനും തീരുമാനിച്ചിരുന്നു.

തുടർന്ന് പരാമർശം (2) സർക്കാർ ഉത്തരവിൽ, സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അനുവദിച്ച സ്ഥാനക്കയറ്റങ്ങൾ റദ്ദ് ചെയ്യുവാനും, അധികമായി നൽകിയ ആനുകൂല്യങ്ങൾ തിരികെ ഈടാക്കുവാനും നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൽ ഖണ്ഡിക 2 പ്രകാരം LPR മൂലമുണ്ടാകുന്ന ഒഴിവുകളെ സ്ഥാനക്കയറ്റം അനുവദിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളിൽ നിന്നും ഒഴിവാക്കുന്നതായി പരാമർശമുണ്ട്. ടി സർക്കാർ ഉത്തരവ് പരാമർശം (3) പ്രകാരം സർവ്വകലാശാലയിൽ നടപ്പിലാക്കുകയും ചെയ്തു.

ടി സാഹചര്യത്തിൽ, പരാമർശം (1) സർവ്വകലാശാല ഉത്തരവിന്റെ സാധുത സംബന്ധിച്ച് സർവ്വകലാശാല സർക്കാരിൽ നിന്നും സ്പഷ്ടീകരണം തേടിയിട്ടുണ്ട്.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഉടൻ പ്രാബല്യത്തിൽ താഴെപ്പറയും പ്രകാരമുള്ള ക്രമീകരണങ്ങൾ സർവ്വകലാശാലയിൽ നടപ്പിലാക്കിക്കൊണ്ട് പരാമർശം (4) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1. പെൻഷൻ പ്രാരംഭാവധിയിന്മേൽ സർക്കാരിൽ നിന്നും സ്പഷ്ടീകരണം ലഭിക്കുന്നതിന് വിധേയമായി പരാമർശം (1) പ്രകാരം സർവ്വകലാശാല പുറപ്പെടുവിച്ച ഉത്തരവ് നടപ്പിലാക്കുന്നത് താത്ക്കാലികമായി മാറ്റിവയ്ക്കുവാനും, LPR അപേക്ഷയിന്മേൽ താത്ക്കാലികമായി ഉദ്യോഗക്കയറ്റം നൽകുവാനും തീരുമാനിച്ചിരിക്കുന്നു.
2. പെൻഷൻ പ്രാരംഭാവധിയിൽ ഉദ്യോഗക്കയറ്റം ലഭിച്ചയാൾ, തുടർന്ന് പെൻഷൻ പ്രാരംഭാവധിയിൽ പ്രവേശിച്ചാൽ തൽഫലമായുള്ള സ്ഥാനക്കയറ്റം അനുവദിക്കുന്നതല്ല. ടി സാഹചര്യത്തിൽ മറ്റൊരു

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ഉദ്യോഗസ്ഥന് അധിക ചുമതല നൽകുന്നതാണ്.

തദനുസരണം പരാമർശം (5)ലെ ഉത്തരവ് ഭേദഗതി ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഷിജി സെബാസ്റ്റ്യൻ വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.എല്ലാ സെക്ഷനുകൾ/ സെന്ററുകൾ/ ഡിപ്പാർട്ട്മെന്റുകൾ
2. വൈസ് ചാൻസലർ / പ്രൊ-വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ /പരീക്ഷാ കൺട്രോളർ /ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണവിഭാഗം/ ധനകാര്യം/പരീക്ഷാ/അക്കാദമികം )
5. ജോയിൻറ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ്, എം.ജി.സർവ്വകലാശാല
6. പി. ആർ. ഒ./ഐ.ടി.സെൽ-1/2/യൂണിവേഴ്സിറ്റി വെബ്സൈറ്റ്
7.റെക്കോർഡ്സ് സെക്ഷൻ / സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി /ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #48 of File 22249/AD A1/2/2022 (Part 1) Approved by ASSISTANT REGISTRAR I (ADMIN) on 12-May-2023 12:32 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം